നം.കെ.എസ്.എ.ഐഡി.കെ-3/933/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 14.07.2017

## ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

*********************************

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20.09.2016 മുതൽ 03.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം

നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം :

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. എം. വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.07.2017 മുതൽ 07.07.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി. മരുൺ മാത്യൂ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | സീ. ഗ്രേ. ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ടോം ജോസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. സജി തോമസ് | 01.04.2016 മുതൽ 24.08.2016 വരെ |
| | ശ്രീ. കെ. വി. കുര്യാക്കോസ് | 25.08.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി.ശോഭന.പി. | 01.04.16 മുതൽ 04.01.17വരെ |
| | ശ്രീ.എസ്.പ്രതീപ് | 15.01.17 മുതൽ 31.03.17 വരെ |
| അസി. എഞ്ചിനീയർ | ശ്രീ.സി.കെ.ബാബു | 01.04.16 മുതൽ 31.03.17വരെ |
| വെറ്ററിനറി സർജൻ | ഡോ.ജസ്റ്റിൻ ജേക്കബ് | 01.04.16 മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആഷ് ലി മറിയം ജോർജ് | 01.04.16 മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പി. കെ. ഗീത | 01.04.16 മുതൽ 15.11.16വരെ |

| | | |
|---|---|---|
| | ശ്രീമതി. ഷിബു മോൾ | 16.11.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. | ശ്രീമതി. ജയലളിത പി. കെ | 01.04.16 മുതൽ 31.03.17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പി. ആർ. നാരായണൻ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ. കെ. സി. ചാക്കോ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ഷീന എം. കെ. | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ഗവ.ആയുർവേദ ട്രൈബൽ ഡിസ്പെൻസറി) | ഡോ. ഷീജ എസ്. | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബീന എം. | 01.04.16 മുതൽ 31.03.17 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. അന വസന്ത് | 01.04.16 മുതൽ 31.03.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകത | 1-12 |
| | ഭാഗം 2 | |
| 13 | ലേലം നടത്താത്തത് | 2-1 |
| 14 | ന്യൂന പണം ഒടുക്ക് | 2-2 |
| 15 | ഡി & ഒ ലൈസൻസ് | 2-3 |
| 16 | തൊഴിൽനികുതി – ഈടാക്കിയതിൽ കുറവ് | 2-4 |
| 17 | വാടക കുടിശിക | 2-5 |
| 18 | ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-6 |
| 19 | വസ്തുനികുതി – പിരിവിൽ ഉദാസീനത | 2-7 |
| | ഭാഗം 3 | |
| 20 | ഓഡിറ്റ് തരംതിരിവ് 'സി' ഉൾപ്പെട്ട സ്ഥാപനത്തിൽ സ്ഥിര നിക്ഷേപം | 3-1 |
| 21 | ആസ്തികൾ സംബന്ധിച്ച് | 3-2 |
| 22 | പാലിയേറ്റിവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മറ്റി യോഗം ചേരുന്നില്ല | 3-3 |
| 23 | സർവ്വീസ് ചാർജ് ഒടുക്കാത്തത് | 3-4 |
| 24 | ആശ്രയ ആക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു | 3-5 |

| | | |
|---|---|---|
| 25 | തൊഴിലുറപ്പ് പദ്ധതി – ജീവനക്കാർക്ക് തനത്ഫണ്ടിൽ നിന്നും തുക നല്കിയത് തിരിച്ചടച്ചില്ല | 3-6 |
| 26 | ഹോമിയോ മരുന്ന് ലഭ്യമാക്കാത്ത് | 3-7 |
| 27 | തെരുവുനായ നിയന്ത്രണം - പദ്ധതി നടപ്പാക്കാത്തത് | 3-8 |
| 28 | തെരുവ് വിളക്കിന് വേണ്ടി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പാക്കാത്തത് | 3-9 |
| 29 | ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നത് | 3-10 |
| 30 | ഐ.എ.വൈ. ഭവന നിർമ്മാണത്തിന് വിഹിതം നല്കൽ | 3-11 |
| 31 | ക്ഷേമനിധി വിഹിതം ഒടുക്കിയത് - ഔദ്യോഗിക കൈപ്പറ്റ് ലഭ്യമാക്കാത്തത് | 3-12 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 35 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ | അനുബന്ധം – 1 |

***********************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹14,76,71,759/- വരവും ₹13,92,42,500/- ചെലവും പ്രതീക്ഷിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 02.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,33,72,997 |
| വരവ് | ₹9,62,37,060 |
| ആകെ | ₹10,96,10,057 |
| ചെലവ് | ₹9,48,08,134 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹1,48,01,923 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 1,64,70,925 | 1,36,17,478 | 82.68 |
| വികസനഫണ്ട് – എസ്.സി.പി. | 33,28,662 | 32,19,251 | 96.71 |
| വികസനഫണ്ട് – ടി.എസ്.പി. | 1,07,26,014 | 74,83,364 | 69.77 |
| സംരക്ഷണഗ്രാന്റ് റോഡ് | 53,99,121 | 41,26,590 | 76.43 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 44,78,526 | 46,84,138 | 104.59(*) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 92,36,756 | 66,96,518 | 72.50 |
| പെർഫോമൻസ് ഗ്രാന്റ് | 48,37,295 | 21,59,866 | 44.65 |
| എം.എൻ.ആർ.ഇ.ജി.എസ്. (മുന്നിരിപ്പ് ഉൾപ്പെടെ) | 2,56,75,671 | 2,52,74,415 | 98.44 |
| ബി-ഫണ്ട് | 2,36,33,240 | 2,36,33,240 | 100 |

(*) 2015-16ലെ സ്പിൽ ഓവർ പ്രോജക്ടിന്റെ തുക (₹2,05,612/-) കൂടി ചെലവിൽ ഉൾപ്പെട്ടിട്ടുള്ളതിനാലാണ് ചെലവ് വരവിനേക്കാൾ അധികരിച്ച് നിൽക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 141 | 84288775 | 91 | 52898631 | 34 | 16 | 64.54 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

– ഇല്ല –

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കിയെങ്കിലും ചെലവു ശതമാനം യഥാക്രമം *42.49%, 40.94%, 54.91%* മാത്രമാണ്. പദ്ധതി തുക പരമാവധി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിയ്ക്കായി *₹5,00,000/-* വകയിരുത്തിയിരുന്നെങ്കിലും ടി പദ്ധതി ഓഡിറ്റ് വർഷംനടപ്പിലാക്കിയിട്ടില്ല. ലോക ബാങ്ക് സഹായമായി ലഭിച്ച തുകയുടെ *44.64%* മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വികസന ഫണ്ടിനത്തിലുള്ള മുഴുവൻ തുകയും ചെലവഴിക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 32.05 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3811751 | 5173000 | 1361249 | 35.71 |
| നികുതിയേതര വരവുകൾ | 860128 | 1075751 | 215623 | 25.07 |
| മറ്റു വരവുകൾ | 278249 | 287782 | 9533 | 3.43 |
| ആകെ | 4950128 | 6536533 | 1586405 | 32.05 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 84120 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 643880 | 78 |
| വിധവാപെൻഷൻ | 5357760 | 584 |
| വാർദ്ധക്യകാലപെൻഷൻ | 14980825 | 1565 |
| വികലാംഗപെൻഷൻ | 2291145 | 221 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 264710 | 30 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,898/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലുംഎല്ലാ രേഖപ്പെടുത്തലുകളും

നടത്തി പരിപാലിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.6.2017 | 5/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.9.2009 | 2004-05 മുതൽ 2008-09 | 09.11.2009 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

2. വസ്തു നികുതി, നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി, സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**********************

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലം നടത്താത്തത്

അറക്കുളം ഐ.എച്ച്. ഇ. പി. യു.പി.സ്കൂൾ അറ്റകുറ്റപ്പണി നടത്തിയ വകയിൽ ലഭ്യമായ പഴയ 105 ആസ്ബസ്റ്റോസ് ഷീറ്റുകൾ സ്കൂൾ കോമ്പൗണ്ടിൽ സൂക്ഷിച്ച് വെച്ചിട്ടുള്ളത് ലേലം ചെയ്യുന്നതിന് 16.03.2017 ലെ 23 -ാം നമ്പരായി പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടി വസ്തു ലേലം ചെയ്ത് നല്കിയിട്ടില്ല. ലേല സാമഗ്രികൾ യഥാസമയം ലേലം ചെയ്തില്ലെങ്കിൽ കാലപ്പഴക്കം മൂലം വില കുറഞ്ഞുപോകുവാൻ സാധ്യതയുണ്ട്. ആയതിനാൽ കാലതാമസം കൂടാതെ ലേലം നടത്തുവാൻ

നടപടി സ്വീകരിക്കേണ്ടതാണ് .

## 2-2 ന്യൂന പണം ഒടുക്ക്

കൃഷി ഓഫീസർ നടപ്പാക്കിയ വാഴവിത്ത് വിതരണം പദ്ധതിയുടെ (നം.ട0055/17, ട0088/17) ഗുണഭോക്തൃ വിഹിതമിനത്തിൽ വരവ് വന്ന ₹9,835/-ക്ക് (രജിസ്റ്റർ പ്രകാരം) പകരം ₹9,385/- ആണ് രസീത് (നം.11602103402/25.03.2017) പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ബാക്കി തുക ₹450/- പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി&ഓ ലൈസൻസ്

ഡി & ഒ ലൈസൻസിനുള്ള അപേക്ഷയിൽ പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ വരുമാനം കൃത്യമായി കണക്കാക്കി ലൈസൻസ് ഫീ ഈടാക്കുവാൻ സാധിക്കുന്നില്ല. കൂടുതൽ വരുമാനം ഉണ്ടായേക്കാവുന്ന സ്ഥാപനങ്ങളിൽ നിന്നുപോലും കുറഞ്ഞ തുകയാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിട്ടുള്ളത്. ചില അപേക്ഷകളിൽ സെക്രട്ടറിയുടെ അംഗീകാര സാക്ഷ്യപത്രവും കാണുന്നില്ല. ഈ അപാകതകൾ ഭാവിയിൽ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയപ്പോൾ യഥാർത്ഥത്തിൽ ഈടാക്കേണ്ട തുകയിൽ നിന്നും കുറഞ്ഞ തുക ഈടാക്കിയതിനാൽ വരവിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹1,000/- ഈടാക്കേണ്ടതാണ്.

| ക്രമ നം. | പേര് സ്ഥാപനം | അർദ്ധ വർഷ വരുമാനം | അടവാക്കിയ നികുതി ₹ | അടവാക്കേണ്ടത് ₹ | കുറവ് ₹ |
|---|---|---|---|---|---|
| 1 | മരീന കെ.എ., ലെക്ചറർ, സെൻറ് ജോസഫ്സ് കോളേജ് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസേർച്ച് മൂലമറ്റം | ₹1,08,000/- | 750 | 1000 | 250 |
| 2 | അരുൺ പ്രസാദ് കെ. ജി., ലക്ചറർ, സെൻറ് ജോസഫ്സ് കോളേജ് ഓഫ് ഹയർ എഡ്യൂക്കേഷൻ | ₹1,08,000/- | 750 | 1000 | 250 |

| | | | | | |
|---|---|---|---|---|---|
| | ആൻറ് റിസേർച്ച്, മൂലമറ്റം | | | | |
| 3 | അജ്മൽ ഫിറോസ്, സ്കിൽഡ് അസിസ്റ്റന്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഓഫീസ്, മൂലമറ്റം | ₹1,25,460/- (ഫെസ്റ്റിവൽ അലവൻസ് ഉൾപ്പടെ) | 1000 | 1250 | 250 |
| 4 | സ്മിത ജി. തമ്പി, ജില്ലാ ട്രഷറി, മൂലമറ്റം | ₹1,25,460/- (ഫെസ്റ്റിവൽ അലവൻസ് ഉൾപ്പടെ) | 1000 | 1250 | 250 |
| | | | | ആകെ | 1000 |

## 2-5 വാടക കുടിശ്ശിക

ഓഡിറ്റ് വർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നം. | പേര്, സ്ഥാപനം | വാടക കുടിശ്ശിക | പ്രതിമാസ നിരക്ക് ₹ |
|---|---|---|---|
| 1 | ജില്ലാ എസ്.സി. ഡെവലപ്മെൻറ് ഓഫീസ്, മൂലമറ്റം, ഷോപ്പിങ്ങ് കോംപ്ലെക്സ്, റൂം 1 | ₹16,632 /- (2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 1386 |
| 2 | അബ്ദുൾ കലാം, പോളശ്ശേരിൽ, മൂലമറ്റം കംഫർട്ട് സ്റ്റേഷൻ റൂം 1 | ₹1,581/- (2017 മാർച്ച്) | 1581 |
| 3 | പകൽ വീട്, ജില്ലാ പ്രോഗ്രാം മാനേജർ, എൻ.ആർ.എച്ച്.എം | ₹10,481/- (2017 മാർച്ച്) | 10481 |
| | അകെ | ₹28,694/- | |

ക്രമ നം. 1, 3 എന്നിവർ പഞ്ചായത്തുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല. ക്രമ നം. 2 കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും 2017 ഏപ്രിലിൽ വാടക ഒഴിവായിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ കുടിശ്ശിക വാടക ഒടുക്കിയിട്ടുമില്ല. വാടക കുടിശ്ശിക പിഴപലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ, വാടകക്കാരിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല

പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ടെണ്ടർ ഫീ ഓൺലൈൻ പേമെന്റ് സംവിധാനത്തിലൂടെയാണ് കോൺട്രാക്ടർമാർ ഒടുക്കുന്നത്. ആയതിനാൽ ടി തുക പഞ്ചായത്തിന് ലഭിക്കുന്നില്ല. ടെണ്ടർ ഫീ പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി പിരിവിൽ ഉദാസീനത - ഗണ്യമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് ₹21,03,460/-യാണ്. നാളിതുവരെ പഞ്ചായത്ത് പരിധിയിൽപ്പെട്ട മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാൻറ് ചെയ്തിട്ടില്ല. വസ്തു നികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കൃത്യമായ രേഖകളുടെയും ഫീൽഡ് പ്രവർത്തനങ്ങളുടെയും അഭാവം ഗണ്യമായ തുക തനതുവരുമാനത്തിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

************************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓഡിറ്റ് തരംതിരിവ് 'സി' യിൽ ഉൾപ്പെട്ട സ്ഥാപനത്തിൽ സ്ഥിര നിക്ഷേപം

1996-ലെ കേരള പഞ്ചായത്ത് രാജ് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഓഡിറ്റ് തരംതിരിവ് 'ബി' യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിൽ സ്ഥിര നിക്ഷേപം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്ന ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം 2009-10 മുതൽ ഓഡിറ്റ് തരംതിരിവ് 'സി' യിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് 25.04.2017ലെ ജി-64/2017 കത്ത്

മുഖേനെ ഉടുമ്പൻചോല സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അതിനാൽ, മേൽ സ്ഥാപനത്തിൽ 27.03.2015ൽ നിക്ഷേപിച്ചിരിക്കുന്ന 1086 നമ്പർ സ്ഥിരനിക്ഷേപം ₹6,05,000/- പലിശ സഹിതം പിൻവലിക്കേണ്ടതും തനതു ഫണ്ടിലോ, ഓഡിറ്റ് തരംതിരിവ് ബി-യിൽ കുറയാത്ത സ്ഥാപനത്തിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ആസ്തികൾ സംബന്ധിച്ച്

ഭൂമി, കെട്ടിടങ്ങൾ, ചവർ സംസ്കരണം മുതലായവയുടെ വിവരണം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ 1ൽ പേജ് നമ്പർ 37, 42 എന്നിവയിൽ യഥാക്രമം എ.കെ.ജി. കോളനി ലൈബ്രറി, ജയ് ഹിന്ദ് ലൈബ്രറി 12-ാം മൈൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ലൈബ്രറി രസീത് ഇനത്തിൽ തുകയൊന്നും പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അഥവാ ലൈബ്രറി കൗൺസിലിന്റെ അധീനതയിലുള്ള ലൈബ്രറികൾ ആണെങ്കിൽ ടി കെട്ടിടം പ്രസ്തുത ലൈബ്രറികൾക്ക് വാടകയ്ക്ക് കൊടുത്തിട്ടുള്ളതാണെങ്കിൽ അക്കാര്യം വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല, വാടകയിനത്തിൽ ലഭിച്ച തുകയെത്രയെന്നും സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് വർഷം എ.കെ.ജി. ലൈബ്രറി പുനരുദ്ധാരണത്തിനായി ₹2,48,119/- ചെലവഴിച്ചിട്ടുണ്ട്. ജയ്ഹിന്ദ് ലൈബ്രറിക്ക് പ്ലംബിംഗ്, വയറിംഗ്, റൂഫിംഗ്, പെയിന്റിംഗ് എന്ന വേലയ്ക്കായി ₹1,53,000/- അടങ്കലിൽ പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും ഓഡിറ്റ് വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. മേൽ വിഷയത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.08.2012-ലെ ജി.ഒ(എം.എസ്)228/2012 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.3 കാണുക). ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സെക്രട്ടറിയും ഭരണ സമിതിയംഗങ്ങൾ, സി.ഡി.എസ് ഭരണ സമിതിയംഗങ്ങൾ, ഇതര വിഭാഗം മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളുമായ പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി നിർജ്ജീവമാണെന്ന് രേഖകൾ വെളിവാക്കുന്നു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ

സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-4 സർവ്വീസ് ചാർജ്ജ് ഒടുക്കാത്തത്

അസി. എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തികളുടെ സർവ്വീസ് ടാക്സ് ഒടുക്കുന്നതിനായി തുക പിൻവലിച്ച് അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ഒടുക്കിയിട്ടില്ല. തുക ഒടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

| പ്രവൃത്തിയുടെ പേര് | കോൺട്രാക്ടറുടെ പേര് | ബിൽ നം & തുക ₹ | ഒടുക്കുവാനുള്ള സർവ്വീസ് ടാക്സ് 10.5% നിരക്കിൽ |
|---|---|---|---|
| വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് | എം.വി.ബാലകൃഷ്ണൻ | 36/30.3.2017 ₹2,59,853/- | 16241 |
| ഐ.എച്ച്.ഇ.പി. യു.പി.സ്കൂൾ മെയിന്റനൻസ് | കെ. പി. ഐസക്ക് | 32/30.3.2017 ₹3,49,991/- | 33257 |
| പഞ്ചായത്ത് ഓഫീസ് എക്സ്റ്റൻഷന് മൂന്നാം നില പൂർത്തീകരണം | ജോസ് ജോസഫ് | - | 43118 |
| | | | 92616 |

പിൻവലിച്ച തുക നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതിനാൽ ₹92,616/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ആശ്രയ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

ദാരിദ്ര നിർമ്മാർജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്റ്റ് ഉണ്ടായിരിക്കണം. ആശ്രയ പ്രേജക്റ്റ് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആശ്രയ അക്കൗണ്ടിൽ (അക്കൗണ്ട് നം. 3152802169 സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, അറക്കുളം ബ്രാഞ്ച്) 31.03.2017-ൽ ₹14,52,432.80 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആശ്രയ രണ്ടാംഘട്ട പ്രോജക്റ്റ് പ്രകാരം 30 അഗതികൾക്ക് വാസയോഗ്യമായ വീട് ഇല്ലാത്തവരാണ് ഇവരുടെ ക്ഷേമത്തിനായി യാതൊരുപ്രവർത്തനങ്ങളും നടത്താതെ ₹14,52,432.80 അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ

കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് - പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ 01.02.2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.)409/16/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽഈയിനത്തിൽ നൽകിയ താഴെ പറയുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

തുകകൾ നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ/തീയതി | തുക ₹ |
|---|---|---|
| 1 | 53645/02.02.2017 | 25000 |
| 2 | 53646/02.02.2017 | 20000 |
| 3 | 53647/5364 | 18500 |
| 4 | 53648/5364 | 18500 |
| 5 | 53670/02.03.2017 | 25000 |
| 6 | 53671/02.03.2017 | 20000 |
| 7 | 53672/02.03.2017 | 18500 |
| 8 | 53673/02.03.2017 | 18500 |
| 9 | 52690/15.03.2017 | 12500 |
| 10 | 52691/15.03.2017 | 5550 |

| | | |
|---|---|---|
| 11 | 52692/15.03.2017 | 9250 |
| 12 | 52693/15.03.2017 | 10000 |
| | ആകെ | 201,300 |

₹2,01300/- തനത് ഫണ്ടിൽ തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 ഹോമിയോ മരുന്ന് വാങ്ങൽ

പ്രൊജക്ട് നം. - soo/49/17

അടങ്കൽ തുക - ₹1,00,000/-

ചെലവ് - ₹1,00,000/-

ബിൽ നം./തീയതി - I/16-17/14.02.2017

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഒരു ലക്ഷം രൂപ പിൻവലിച്ച് ഹോംകോയിലേക്ക് നൽകിയിട്ടുണ്ട് (രസീത് നം.2644/27.02.2017). എന്നാൽ നാളിതു വരെ മരുന്ന് ലഭ്യമായിട്ടില്ല. അതിനാൽ ചെലവ് തുകയായ ₹1,00,000/- തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 തെരുവു നായ നിയന്ത്രണം - ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ - പദ്ധതി നടപ്പാക്കാത്തത്

തെരുവ് നായ നിയന്ത്രണം - ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ (S0145/17) എന്ന പദ്ധതിക്കായി ബിൽ നം.28/16-17/18.02.2017 പ്രകാരം ₹1,00,000/- പിൻവലിച്ച് ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ല. ആയതിനാൽ ₹1,00,000/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 തെരുവുവിളക്കുകൾക്കുവേണ്ടി സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ - പദ്ധതി നടപ്പാക്കിയില്ല - ചെലവ് തടസ്സം - ₹9,89,470/-

തെരുവ് വിളക്കുകൾക്ക് വേണ്ടി സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ (S0151/17) എന്ന പദ്ധതി നടത്തിപ്പിനായി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷന്റെ എസ്റ്റിമേറ്റ് പ്രകാരം ₹9,89,470/-

പിൻവലിച്ച് (ബിൽ നം.38/16-17/30.3.17/989470/-) കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കെ.എസ്.ഇ.ബി. ടി പദ്ധതി ഏറ്റെടുത്തുകൊണ്ട് എഗ്രിമെന്റ് വയ്ക്കുകയോ പദ്ധതി നടപ്പാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹9,89,470/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഇ.എം.എസ്. ഭവന പദ്ധതി അക്കൗണ്ടിൽ തുക ബാക്കിനിൽക്കുന്നത്.

അറക്കുളം ഫാർമേർസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി തുറന്ന വി.ഇ.ഒ.-യുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം.6813) ₹2,85,826/- ബാക്കിനിൽപ്പുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന നാല് ഗുണഭോക്താക്കൾക്ക് ₹2,15,000/- കൊടുക്കുവാൻ അവശേഷിക്കുന്നു. താമസംവിനാ പദ്ധതി പൂർത്തികരിക്കേണ്ടതും അക്കൗണ്ടിൽ അധികം നിൽക്കുന്ന ₹70,826/- പഞ്ചായത്തിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

## 3-11 ഐ.എ.വൈ. ഭവന നിർമാണത്തിന് വിഹിതം നൽകൽ - അപാകതകൾ - ₹8,45,000/- തടസ്സം

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഐ.എ.വൈ. വിഹിതമിനത്തിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക കണക്കാക്കി ഗ്രാമപഞ്ചായത്ത് വിഹിതം അടയ്ക്കേണ്ട തുക എത്രയെന്ന് ബ്ലോക്ക്പഞ്ചായത്ത് അറിയിച്ചിട്ടില്ല, തുക ഒടുക്കാൻ ആവശ്യപ്പെട്ടിട്ടുമില്ല. എന്നാൽ താഴെപ്പറയുംപ്രകാരം ബ്ലോക്ക്പഞ്ചായത്തിൽ തുക അടച്ചിട്ടുണ്ട്.

| ക്രമ നം. | പദ്ധതി | നിർവണ ഉദ്യോഗസ്ഥൻ | ബിൽ നം. | തുക ₹ |
|---|---|---|---|---|
| 1. | ഐ.എ.വൈ. വിഹിതം ഒടുക്കൽ (ജനറൽ) (S006/17) | സെക്രട്ടറി | ബിൽ നം. 24/16-17/ 20.12.16 | ₹5,00,000/- |
| 2. | ഐ.എ.വൈ. അധിക വിഹിതം നൽകൽ (റ്റി. എസ്. പി) (S0155/17) | അസി. സെക്രട്ടറി | ബിൽ നം. 11/16-17/ 18.03.17 | ₹2,37,500/- |
| 3. | ഐ.എ.വൈ അധിക വിഹിതം നൽകൽ (എസ്.സി. പി) (S0154/17) | അസി. സെക്രട്ടറി | ബിൽ നം. 10/16-17/ 20.12.16 | ₹1,07,500/- |
| | | | | ₹8,45,000/- |

ബ്ലോക്ക്പഞ്ചായത്തുമായി ബന്ധപ്പെട്ട് അടച്ച തുക ക്രമീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. പ്രസ്തുത തുക യഥാവിധി ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

മേൽ അപാകതയുടെ അടിസ്ഥാനത്തിൽ ₹8,45,000/- തടസ്സപ്പെടുത്തുന്നു.

## 3-12 ബാലസഭ പഠനക്യാംപ് - പദ്ധതി പൂർത്തിയാക്കിയില്ല - ചെലവ് തടസ്സം ₹35,000/-

അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ബാലസഭ പഠനക്യാംപ് എന്ന പദ്ധതിയ്ക്കായി ബിൽ നം.6/16-17/25.11.16 പ്രകാരം ₹35,000/- പിൻവലിച്ച് പദ്ധതി നടത്തിപ്പിനായി കുടുംബശ്രീയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പദ്ധതി നടപ്പാക്കിയിട്ടില്ല. ആയതിനാൽ ₹35,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭിക്കുന്നില്ല

ഓഡിറ്റ് വർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളുടെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നതിനായി വിവിധ ബില്ലുകളിൽ നിന്നും ആകെ ₹1,53,048/- പിൻവലിച്ചിട്ടുണ്ട്. ടി തുകകൾ ക്ഷേമനിധി ബോർഡിൽ ഒടുക്കിയതിന്റെ ഔദ്യോഗിക കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ക്ഷേമനിധി ബോർഡിൽ നിന്നും ഔദ്യോഗിക കൈപ്പറ്റ് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**********************

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 1,50,000/- | ക്ഷീര | 1,50,000/- | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ഇടുക്കി | | | കർഷകർക്ക് സബ്സിഡി | | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർനൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 38/16-17/ 30.03.2017 | 989470 | 0 | 989470 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹6,65,500/- |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | ₹60,500/- |
| ആകെ | ₹7,26,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹7,26,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| ഇടുക്കി ജില്ല പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം നിക്ഷേപ നം.1086 തീ. 27.03.2016 | 726,000 |
| ആകെ | 726,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹40,096/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2009-10 | 3-4 | 4,992 | ശ്രീ. കെ.എച്ച്. അസ്സീസ്, മുൻ സെക്രട്ടറി | 11602100439/02.06.2016 |
| 2011-12 | 2-2 | 2,500 | ശ്രീ.കെ.എച്ച്. അസ്സീസ്, മുൻ സെക്രട്ടറി | 11602100439/02.06.2016 |
| 2015-16 | 2-1 | 12,551 | ശ്രീ. മനു ചന്ദ്രൻ, അമ്പാട്ട് | 11602102073/12.01.2017 |
| 2015-16 | 2-1 | 20,053 | ശ്രീ. മനു ചന്ദ്രൻ, അമ്പാട്ട് | 11602102916/01.03.2017 |

| | | | | |
|---|---|---|---|---|
| | ആകെ | 40,096 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,62,37,060 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,48,08,134 |
| വരവിനങ്ങളിലുള്ള നഷ്ടം | 28,694 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹21,62,086 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 28,694 | - | ശ്രീ. കെ. വി. കുര്യാക്കോസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 92,616 | ശ്രീ. ബാബു സി.കെ, അസി. എഞ്ചിനീയർ |

| | | |
|---|---|---|
| 3-7 | 1,00,000 | ഡോ. എം. ബീന, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-8 | 1,00,000 | ശ്രീ. കെ. വി. കുര്യാക്കോസ്, സെക്രട്ടറി |
| 3-9 | 9,89,470 | ശ്രീ. കെ. വി. കുര്യാക്കോസ്, സെക്രട്ടറി |
| 3-11 | 5,00,000 | ശ്രീ. കെ. വി. കുര്യാക്കോസ്, സെക്രട്ടറി |
| 3-11 | 2,37,500 | ശ്രീ. എസ്. പ്രദീപ്, അസി. സെക്രട്ടറി |
| 3-11 | 1,07,500 | ശ്രീമതി. പി. ശോഭന, അസി. സെക്രട്ടറി |
| 3-12 | 35,000 | ശ്രീ. കെ. വി. കുര്യാക്കോസ്, സെക്രട്ടറി |
| ആകെ | 21,62,086 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

**(ഡി)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല –

**(ഇ)** <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. വി. കുര്യാക്കോസ് സെക്രട്ടറി | സീനിയർസൂപ്രണ്ട് ജില്ലാപഞ്ചായത്ത്, ഇടുക്കി | കണ്ണമാലിയിൽ വീട് വാഴത്തോപ്പ് പി. ഒ. ഇടുക്കി ജില്ല |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1996-97 | എൽ.എഫ്.ഐ.- 9/285/98/16.10.98/30.11.98 |
| 1997-98 | എൽ.എഫ്.ഐ.- 9/416/99/19.02.2000 |
| 1998-99 | എൽ.എഫ്.ഐ.- 9/293/2000/17.10.2000 |
| 1999-2000 | എൽ.എഫ്.ഐ.- 9/94/02/26.08.2002 |
| 2000-01 | എൽ.എഫ്.ഐ.- 9/114/03/05.04.2003 |
| 2001-02 | എൽ.എഫ്.ഐ.- 9/564/03/19.01.2004 |
| 2002-03 | എൽ.എഫ്.ഐ.- 9/661/05/08.12.2006 |
| 2003-04 | എൽ.എഫ്.ഐ.- 9/448/06/13.10.2006 |
| 2004-05 | എൽ.എഫ്.ഐ.- 9/1033/07/17.01.2008 |
| 2005-06 | എൽ.എഫ്.ഐ.- 9/559/08/21.09.2009 |
| 2006-07 | എൽ.എഫ്.ഐ.- 9/253/09/19.11.2009 |
| 2007-08 | എൽ.എഫ്.ഐ.- 13/13/507/10/15.03.2011 |
| 2008-09 | എൽ.എഫ്.ഐ.- 13/712/11/03.01.2012 |
| 2009-10 | എൽ.എഫ്.ഐ.- 13/860/12/04.09.2012 |
| 2010-11 | എൽ.എഫ്.ഐ.- 13/13/50/13/07.03.2013 |
| 2011-12 | എൽ.എഫ്.ഐ.- 13/1069/2013/12.11.2013 |
| 2012-13 | എൽ.എഫ്.ഐ.- 13/1096/2014/13.11.2014 |

| | |
|---|---|
| 2013-14 | എൽ.എഫ്.ഐ.- 13/1151/2015/05.11.2015 |
| 2014-15 | എൽ.എഫ്.ഐ.- 13/622/2016/02.06.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ 13/1360/2016/05.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

# <u>അനുബന്ധം 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

<u>നം.കെ.എസ്.എ.ഐഡി.കെ 13/933/2017</u>

കേരളസംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*

തീയതി. 14.07.2017.

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK13/933/2017

Kerala State Audit Department

District Audit Office

Idukk, Thodupuzha

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

Dated. 14.07.2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of ARAKULAM Grama Panchayat in Idukki District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of ARAKKULAM Grama Panchayat for the year 2016-17 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI